**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3694** **05-08-2021 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിൽ റിസ്ക് ഫണ്ട് ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് ബാങ്ക് തിരിച്ച് വ്യക്തമാക്കാമോ; | (എ) | കോതമംഗലം മണ്ഡലത്തിലെ സഹ കരണ ബാങ്കുകളിൽ നിന്നും റിസ്ക്ക് ഫണ്ട് ആനുകൂല്യത്തിനായി 1331 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ബാങ്ക് തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത അപേക്ഷകളിൽ എത്രപേർക്ക് ആനുകൂല്യം ലഭ്യമാക്കി എന്ന് ബാങ്ക് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത അപേക്ഷകളിൽ 986 പേർക്ക് റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്. ബാങ്ക് തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | ഇതുവരെയും ആനുകൂല്യം അനുവദിക്കാത്ത അപേക്ഷകളുടെ കാര്യത്തിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (സി) | കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡ് റിസ്ക് ഫണ്ട് നിയമാവലിക്ക് വിധേയമായി അർഹത പ്പെട്ട മുഴുവൻ വായ്പക്കാർക്കും ആനുകൂല്യം അനുവദിച്ചു വരുന്നുണ്ട്. എന്നാൽ സംഘം/ ബാങ്കുകളിൽ നിന്നും കൃത്യമായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പി ക്കാത്തതിനാൽ ന്യൂനതകൾ ഉണ്ടാകുന്നത് പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും, ആയത് പരിഹരിച്ചു വരുന്ന മുറയ്ക്ക് നടപടികൾ പൂർത്തീകരിച്ച് ആനുകൂല്യങ്ങൾ അനുവദി ക്കുകയുമാണ് നിലവിൽ ചെയ്തു വരുന്നത്. ബാങ്കുകളിൽ നിന്നും യഥാസമയം അപേക്ഷകളിന്മേലുള്ള ന്യൂനതകൾ പരി ഹരിച്ച് തരുന്നതിന് നടപടികൾ സ്വീകരി ക്കാത്തത് മൂലവും, കോവിഡ്-19 മൂലം ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ നിലവി ലുണ്ടായിരുന്നത് കൊണ്ട് ഓഫീസ് പ്രവർ ത്തനം തടസ്സപ്പെട്ടത് മൂലവുമാണ് ഫയലുകൾ തീർപ്പാക്കുന്നതിന് കാലതാമസം വന്നിട്ടുള്ളത്. |
| (ഡി) | അർഹരായവർക്കെല്ലാം പ്രസ്തുത ആനുകൂല്യം അടിയന്തരമായി ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | അർഹരായ അപേക്ഷകർക്ക് ആനുകൂല്യം അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ നിലവിൽ ഉള്ളതുകൊണ്ട് |

| | | | |
|---|---|---|---|
| | | | ഫയലുകൾ കുടിശ്ശിക വരാതിരിക്കുന്നതിന് ‘Work at home’ വ്യവസ്ഥയിൽ ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്. കൂടാതെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് ഇരുപതോളം പുതിയ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരി ച്ചിട്ടുണ്ടെന്നും അറിയിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 2

കോതമംഗലം നിയോജക മണ്ഡലത്തിൽ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചതിന്റെ ബാങ്ക്/സംഘം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നമ്പർ | ബാങ്ക്/സംഘം പേര് | ആനുകൂല്യം അനുവദിച്ച അപേക്ഷകളുടെ എണ്ണം | ആനുകൂല്യം അനുവദിച്ച തുക |
|---|---|---|---|
| 1 | ഇടമലയാർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഐ. 178 | 136 | 6887748 |
| 2 | കവളങ്ങാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 1348 | 85 | 6685908 |
| 3 | കീരംപാറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഇ. 214 | 82 | 7806457 |
| 4 | കോതമംഗലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 583 | 89 | 10044578 |
| 5 | കോതമംഗലം അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ. ഇ.1232 | 1 | 20270 |
| 6 | കോതമംഗലം റൂറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ. ഇ. 1079 | 2 | 66594 |
| 7 | കോതമംഗലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 354 | 81 | 6275057 |
| 8 | കോതമംഗലം താലൂക്ക് സഹകരണ അഗ്രികൾച്ചറൽ & റൂറൽ ഡവലപ്പ്മെന്റ് ബാങ്ക് ഇ. 1192 | 8 | 774092 |
| 9 | കോതമംഗലം താലൂക്ക് സഹകരണ എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ. ഇ. 746 | 1 | 51000 |
| 10 | കോതമംഗലം താലൂക്ക് മത്സ്യ വ്യാപാര വിതരണ തൊഴിലാളി സഹകരണ സംഘം ഇ. 1154 | 1 | 48227 |
| 11 | കോതമംഗലം താലൂക്ക് മെർച്ചന്റ്സ് സഹകരണ സംഘം ഇ. 1159 | 11 | 435217 |
| 12 | കോട്ടപ്പടി ഈസ്റ്റ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഇ. 152 | 37 | 3409825 |
| 13 | കോട്ടപ്പടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 155 | 22 | 2113466 |
| 14 | കോഴിപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഇ.167 | 74 | 5246266 |
| 15 | കുട്ടമ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. കെ.316 | 60 | 3316741 |
| 16 | കുറ്റിലഞ്ഞി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഇ. 292 | 58 | 4031843 |
| 22 | മാലിപ്പാറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഇ. 18 | 36 | 2482570 |
| 17 | മാമലക്കണ്ടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഐ. 225 | 7 | 264893 |
| 18 | തിരിപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 1577 | 17 | 1576539 |
| 19 | ഊന്നുകൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഇ. 58 | 47 | 4755912 |

| | | | |
|---|---|---|---|
| 20 | പിണ്ടിമന സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഇ 25 | 36 | 2347373 |
| 21 | വാരപ്പെട്ടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 1015 | 75 | 5177611 |
| | ആകെ | 968 | 7,38,18,097 |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേക്ക് കോതമംഗലം നിയോജക മണ്ഡലത്തിൽ നിന്നും റിസ്ക് ഫണ്ട് ധനസഹായത്തിനായി ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നമ്പർ | ബാങ്ക്/സംഘം പേര് | അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | ഇടമലയാർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഐ. 178 | 167 |
| 2 | കവളങ്ങാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 1348 | 131 |
| 3 | കീരംപാറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഇ. 214 | 114 |
| 4 | കോതമംഗലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 583 | 124 |
| 5 | കോതമംഗലം അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ. ഇ.1232 | 1 |
| 6 | കോതമംഗലം റൂറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ. ഇ. 1079 | 9 |
| 7 | കോതമംഗലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 354 | 106 |
| 8 | കോതമംഗലം താലൂക്ക് സഹകരണ ആഗ്രികൾച്ചറൽ & റൂറൽ ഡവലപ്പ്മെന്റ് ബാങ്ക് ഇ. 1192 | 10 |
| 9 | കോതമംഗലം താലൂക്ക് സഹകരണ എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ. ഇ. 746 | 2 |
| 10 | കോതമംഗലം താലൂക്ക് മത്സ്യ വ്യാപാര വിതരണ തൊഴിലാളി സഹകരണ സംഘം ഇ. 1154 | 3 |
| 11 | കോതമംഗലം താലൂക്ക് മെർക്കന്റൈൽ സഹകരണ സംഘം ഇ. 1159 | 24 |
| 12 | കോട്ടപ്പടി ഈസ്റ്റ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഇ. 152 | 48 |
| 13 | കോട്ടപ്പടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.ഇ 155 | 30 |
| 14 | കോഴിപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഇ.167 | 108 |
| 15 | കുട്ടമ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. കെ.316 | 86 |
| 16 | കുറ്റിലഞ്ഞി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഇ. 292 | 79 |
| 17 | മാലിപ്പാറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഇ. 18 | 49 |
| 18 | മാമലക്കണ്ടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഐ. 225 | 9 |
| 19 | മതിരപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 1577 | 24 |
| 20 | ഊന്നുകൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഇ. 58 | 60 |
| 21 | പിണ്ടിമന സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. ഇ 25 | 44 |
| 22 | വാരപ്പെട്ടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 1015 | 103 |
| | ആകെ | 1331 |

സെക്ഷൻ ഓഫീസർ